

# മദ്റസകളിൽ അമുസ്ലിം വിദ്യാർഥികൾ

**മദ്റസകൾ** ഇന്ന് പൊതുവെ സംശയ ദൃഷ്ടിയോടെയാണ് വീക്ഷിക്കപ്പെടുന്നത്. കാലഹരണപ്പെട്ട പാഠ്യപദ്ധതി, തീവ്രവാദത്തിന്റെ പ്രഭവകേന്ദ്രമായ ഐ.എസ്.ഐ-ലശ്കറെ ത്വയ്ബ ഭീകരസംഘങ്ങളുടെ ഇടത്താവളം തുടങ്ങിയ ആരോപണങ്ങൾ ഒരുഭാഗത്ത്. അതേസമയം ചില സംസ്ഥാനങ്ങളിലെങ്കിലും മദ്റസകൾ മതസൗഹാർദത്തിന്റെയും സഹിഷ്ണുതയുടെയും മഹനീയമാതൃകകൾ കാഴ്ചവെക്കുന്നുമുണ്ട്.

'മതമൗലിക വാദികൾ' നടത്തുന്ന മദ്റസകളിൽ ഹിന്ദു വിദ്യാർഥികൾ ചേർന്നു പഠിക്കുമോ? അതിന് സൂര്യൻ പടിഞ്ഞാറുനിന്ന് ഉദിക്കേണ്ടിവരും എന്നായിരിക്കും പലരുടെയും പ്രതികരണം. എന്നാൽ പശ്ചിമബംഗാളിലെ മദ്റസകളിൽ ഹിന്ദു വിദ്യാർഥികൾ ചേർന്നു പഠിക്കുന്നുണ്ടെന്നാണ് ന്യൂദൽഹിയിൽ നിന്നിറങ്ങുന്ന 'മില്ലി ഗസറ്റ്' (16-30 നവംബർ 2007) എന്ന ഇംഗ്ലീഷ് ദ്വൈവാരികയുടെ റിപ്പോർട്ട്. സമീപകാലത്ത് നടന്ന ഒരു സർവെ പ്രകാരം മദ്റസകളിൽ പഠിക്കുന്ന ഹിന്ദു വിദ്യാർഥികളുടെ എണ്ണം ക്രമേണ വർധിച്ചുകൊണ്ടിരിക്കുകയാണെന്നും പത്രം റിപ്പോർട്ട് ചെയ്യുന്നു. ഹൈസ്കൂളിന് സമാന്തരമായ 'ഹൈ മദ്റസ'കളിൽ നാല് മുസ്ലിം വിദ്യാർഥികൾക്ക് ഒരു അമുസ്ലിം വിദ്യാർഥി എന്നതാണ് അനുപാതം. മൊത്തത്തിൽ അമുസ്ലിം വിദ്യാർഥികൾ ഇരുപതു ശതമാനം വരും. 2007-ൽ അവസാനിച്ച വിദ്യാഭ്യാസ വർഷത്തിൽ ഹൈ മദ്റസകളിലെ പരീക്ഷകളിൽ പങ്കെടുത്ത ഹിന്ദുവിദ്യാർഥികളുടെ എണ്ണം 28 ശതമാനം. നർട്ടാ നജാപൂർ ജില്ലയിലെ മൊഹോസു പട്ടണത്തിലെ ഹൈ മദ്റസയിൽ മുസ്ലിം വിദ്യാർഥികൾ ന്യൂനപക്ഷമാണത്രെ. അറുപത് ശതമാനം വിദ്യാർഥികളും അമുസ്ലിംകളാണ്.

മെഡിക്കൽ, എഞ്ചിനീയറിംഗ്, എം.ബി.എ എൻട്രൻസ് പരീക്ഷകളിൽ മദ്റസാ വിദ്യാർഥികൾ കാഴ്ചവെക്കുന്ന മികച്ച പ്രകടനമാണ് അമുസ്ലിം വിദ്യാർഥികളെ മദ്റസകളിലേക്ക് ആകർഷിക്കുന്നത്. പാഠ്യപദ്ധതി ഇസ്ലാമിക വിഷയങ്ങൾക്കും അറബി ഭാഷക്കും പുറമെ സ്കൂൾ വിഷയങ്ങളും ഉൾക്കൊള്ളുന്നുവെന്നതും മദ്റസാ സർട്ടിഫിക്കറ്റുകൾ പശ്ചിമബംഗാൾ ഹയർസെക്കന്ററി സ്കൂൾ സർട്ടിഫിക്കറ്റിന് തുല്യമായി കണക്കാക്കപ്പെടുന്നുവെന്നതും ഈ മദ്റസകളുടെ പ്രത്യേകതകളാണ്.

പശ്ചിമബംഗാൾ മദ്റസാ വിദ്യാഭ്യാസ വകുപ്പ് മന്ത്രി അബ്ദുസ്സത്താറിന്റെ അഭിപ്രായത്തിൽ, മദ്റസാ വിദ്യാർഥികൾ എല്ലാരംഗത്തും മുഖ്യധാരാ വിദ്യാലയങ്ങളിലെ വിദ്യാർഥികളോട് കിടപിടിക്കുന്നവരാണ്. മദ്റസയിൽ ചേരാൻ മുന്നോട്ട് വരുന്നവരുടെ കൂട്ടത്തിൽ ബ്രാഹ്മണരും പിന്നാക്കക്കാരും ദലിതരും ഗോത്രവർഗക്കാരും ക്രിസ്ത്യാനികളുമുണ്ട്. വിദ്യാഭ്യാസം സൗജന്യമായതാണ് മദ്റസകളിലേക്ക് ഇവരെ ആകർഷിക്കുന്നത്. പാവപ്പെട്ട ദലിത് ഗോത്രവർഗ വിദ്യാർഥികൾക്ക് സാമ്പത്തിക സഹായവും നൽകുന്നുണ്ട്.

മതവിഭാഗങ്ങളെ പരസ്പരം അടുപ്പിക്കുന്ന ഒരു പാലമാണ് ഈ വിദ്യാഭ്യാസ പദ്ധതി. അതുവഴി ഹിന്ദുവിദ്യാർഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും ഇസ്ലാമിനെയും മുസ്ലിംകളെയും അടുത്തറിയാനും സൗഹൃദബന്ധം സ്ഥാപിക്കാനും സാധിക്കുന്നു.

അസീസ ഹൈമദ്റസയിലെ സുനന്ദ ഘോയ പറയുന്നു: 'ഇസ്ലാം തീവ്രവാദവും മതവിദ്വേഷവും പ്രചരിപ്പിക്കുന്ന മതമാണെന്നായിരുന്നു എന്റെ വിശ്വാസം. ഈ മദ്റസയിൽ ചേർന്നതിന് ശേഷമാണ് ഇസ്ലാമിന് തീവ്രവാദവുമായി ഒരു ബന്ധവുമില്ലെന്ന് എനിക്ക് ബോധ്യമായത്. ഭീകരതയും മതഭ്രാന്തും അതിന്റെ അധ്യാപനങ്ങൾക്ക് ചേർന്നതല്ലെന്നും ഞാൻ തിരിച്ചറിഞ്ഞു.' ഹൈ മദ്റസാ പരീക്ഷയിൽ ഉയർന്ന റാങ്കോടെ പാസ്സായ സഞ്ചയ മോഹപത്ര പറയുന്നത് ഇങ്ങനെ: 'സ്വസമുദായത്തിൽപെട്ട പലരും എന്നെ അധിക്ഷേപിക്കുകയും കുത്തുവാക്കുകൾ പറയുകയും ചെയ്തിരുന്നു. എന്റെ പരീക്ഷാ വിജയമാണ് അവരുടെ മനസ്സിൽ മാറ്റമുണ്ടാക്കിയത്.'

മോഹന മുഖർജി, മീനാക്ഷി മണ്ഡൽ, ശ്യാംലി തുടങ്ങിയ ഹിന്ദു വിദ്യാർഥികളും ഇതേ അഭിപ്രായക്കാരാണ്. തങ്ങൾക്ക് മദ്റസകളിൽ മുൻവിധിയോടെയുള്ള പെരുമാറ്റമോ വിവേചനമോ നേരിടേണ്ടി വന്നിട്ടില്ലെന്ന് അവർ പറയുന്നു.

ഇസ്ലാമും മുസ്ലിംകളും ഏറെ തെറ്റിദ്ധരിക്കപ്പെട്ട സമകാലിക സാഹചര്യത്തിൽ ഒരു ബഹുസ്വര സമൂഹത്തിൽ ഇതുപോലുള്ള 'മതേതര മദ്റസ'കൾ എന്തുകൊണ്ടും പ്രസക്തമല്ലേ? ■

**അബൂബക്കർ നദ്‌വി**

## 'ഇലക്ട്രോണിക് മുഫ്തി'യെ അംഗീകരിക്കാനാവില്ല!

**ഐ.ടി** വിദഗ്ധനായ ഡോ. അനസ് ഫൗസിക്ക് ഫ്രാൻസിലാണ് ജോലി. മതവിധികളറിയാൻ ആളുകൾ മുഫ്തികളെ തെരയുന്നത് എന്തിന്, ഒരു ഇലക്ട്രോണിക് മുഫ്തിയെ തന്നെ ഉണ്ടാക്കിക്കൂടേ എന്നായിടിയാന്റെ ചിന്ത. അതിനുവേണ്ടി ഒരു പ്രത്യേക സോഫ്റ്റ്വെയറും മനസ്സിൽ കണ്ടു. മുഹമ്മദ് നബിയുടെ ജനനം മുതൽ മരണം വരെയുള്ള ആധികാരിക ജീവചരിത്ര കുറിപ്പുകളും ഖുർആനിക സൂക്തങ്ങളും പ്രവാചക വചനങ്ങളുമെല്ലാം പ്രത്യേക ക്രമം ദീക്ഷിച്ച്കൊണ്ട് ഇതിൽ അടുക്കിവെക്കും. പിന്നെ ഏത് സംശയവും കമ്പ്യൂട്ടറിനോട് ചോദിക്കാം. ശേഖരിച്ചിരിക്കുന്ന വിവരങ്ങൾ പരതി കമ്പ്യൂട്ടർ ഒരു നിഗമനത്തിൽ എത്തി നമ്മോട് ഇങ്ങനെ പറയും: 'പ്രവാചകൻ ജീവിച്ചിരുന്നെങ്കിൽ ഇങ്ങനെയാകുമായിരുന്നു അദ്ദേഹത്തിന്റെ മറു

പടി.' എന്നിട്ട് ഫത്‌വ എഴുതിക്കാണിക്കും.

'ഇലക്ട്രോണിക് മുഫ്തി' സ്വീകാര്യമല്ലെന്നാണ് അൽ അസ്ഹർ സർവകലാശാലയിലെ ഫത്‌വാ കൗൺസിലിന്റെ നിലപാട്. 'മതവിധിനൽകുകയെന്നത് ഗൗരവമുള്ള ഉത്തരവാദിത്തമാണ്. ഇസ്‌ലാമിനെ അടുത്തറിഞ്ഞ മുതിർന്ന സ്വഹാബിമാർ പോലും ഫത്‌വ നൽകാൻ മടിച്ചിരുന്നു; തെറ്റിപ്പോകുമോ എന്ന ഭയത്താൽ. അതിനെ ഈ വിധം നിസ്സാരവൽക്കരിക്കുന്നത് അംഗീകരിക്കാനാവില്ല.' ഫത്‌വാ കൗൺസിലിന്റെ അധ്യക്ഷൻ അബ്ദുൽ ഹമീദ് അൽ അത്‌റശ് പറഞ്ഞു. നിരവധി ഗുണങ്ങളും യോഗ്യതകളും സ്വായത്തമാക്കിയ ഒരാൾക്കേ മുഫ്തിയാവാൻ അർഹതയുള്ളൂ. ഖുർആൻ നന്നായി പഠിച്ചിരിക്കണം, ഇസ്‌ലാമിക ചിട്ടയിൽ ജീവിതം നയിക്കുന്നവനാകണം, അറബി ഭാഷയിൽ അവഗാഹമുള്ളവനും മുൻകാല പണ്ഡിതന്മാരുടെ ഗവേഷണ പഠനങ്ങളെക്കുറിച്ച് നല്ല ധാരണയുള്ളവനും ആകണം. ഈ ഉപാധികളൊക്കെ ഒരു കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറിൽ എങ്ങനെ പുലരാനാണ്? അത്‌റശ് ചോദിക്കുന്നു. ■

## സഹാർ വിതുമ്പിയപ്പോൾ

**രക്തസാക്ഷികളുടെ** കുടുംബാംഗങ്ങളെയും സഹപ്രവർത്തകരെയും ആശ്വസിപ്പിക്കുന്നതിൽ അസാധാരണ മനക്കരുത്തു കാട്ടാറുള്ള മഹ്മൂദ് അൽ സഹാറിന് ഇത്തവണ പിടിച്ചുനിൽക്കാനായില്ല. രക്തസാക്ഷിയായ ഇളയ മകൻ ഹുസാമിന്റെ മൃതശരീരം കണ്ടപ്പോൾ അദ്ദേഹം വിങ്ങിപ്പൊട്ടി. കഴിഞ്ഞദിവസങ്ങളിൽ ഇസ്രയേൽ ഗസ്സയിൽ നടത്തിയ നരവേട്ടയിൽ വധിക്കപ്പെട്ട പതിനെട്ട് പേരിൽ ഒരാളാണ് ഹുസാം.

ഫലസ്ത്വീൻ വിമോചന പ്രസ്ഥാനമായ ഹമാസിന്റെ മുൻനിര നേതാക്കളിലൊരാളാണ് മുൻ ഫലസ്ത്വീൻ വിദേശകാര്യമന്ത്രികൂടിയായ സഹാർ. അദ്ദേഹത്തിന്റെ മൂത്തമകൻ ഖാലിദ് മൂന്ന് വർഷം മുമ്പാണ് ഇസ്രയേലി ബോംബാക്രമണത്തിൽ കൊല്ലപ്പെട്ടത്. മൂത്തമകന്റെ വിവാഹാലോചന നടന്നുകൊണ്ടിരിക്കെ ഇസ്രയേലി എഫ്-16 പോർവിമാനം അര ടൺ സ്ഫോടക വസ്തുക്കൾ സഹാറിന്റെ വീടിന്റെ മുകളിലേക്ക് എറിയുകയായിരുന്നു. വീട് വെറും കൽക്കൂമ്പാരമായി. ഖാലിദ് തൽക്ഷണം മരിച്ചു. ഭാര്യക്കും മകൾക്കും പരിക്കേറ്റു. സഹാർ വധശ്രമത്തിൽനിന്ന് അത്ഭുതകരമായി രക്ഷപ്പെടുകയായിരുന്നു.

അൽഖസ്സാം സൈനിക വിംഗിന്റെ കമാന്റർമാരിൽ ഒരാളായ സഹാറിന്റെ മൂത്തമകളുടെ ഭർത്താവ് അഹ്മദ് ഇവദ് ഈയിടെയാണ് ഇസ്രയേലി ആക്രമണത്തിൽ വധിക്കപ്പെട്ടത്. ഹമാസിന്റെ നേതൃനിരയിലെ ഓരോരുത്തർക്കും ഇതുപോലെ ത്യാഗത്തിന്റെയും ബലിയർപ്പണത്തിന്റെയും ഒരുപാട് കഥകൾ പറയാനുണ്ട്. ■

## എം. നസീമിന്റെ വിയോഗത്തിൽ അനുശോചനം

**ഇസ്‌ലാമിക** പണ്ഡിതൻ, പ്രബോധകൻ, പ്രഭാഷകൻ, സാഹിത്യകാരൻ എന്നിങ്ങനെ ബഹുമുഖ വ്യക്തിത്വത്തിന് ഉടമയായിരുന്നു 2007 ഡിസംബർ 27-ന് ടെക്സാസിലെ ഹൂസ്റ്റണിൽ അന്തരിച്ച മൗലാനാ മുഹമ്മദ് നസീം(എം. നസീം). ജമാഅത്തെ ഇസ്‌ലാമി ലക്നോ അമീറായും ഉത്തർപ്രദേശ് ശൂറാ അംഗമായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ കലാസാഹിത്യവിഭാഗമായ *ഇദാറെ അദബെ ഇസ്‌ലാമി*യുടെ അധ്യക്ഷനായിരുന്നിട്ടുണ്ട്, ഒന്നിലധികം തവണ. രണ്ടു പതിറ്റാണ്ടിലധികം കാലം *ഇദാറെ അദബെ ഇസ്‌ലാമി* പ്രസിദ്ധീകരിക്കുന്ന 'നയീ നസ്‌ലേം' എന്ന പത്രത്തിന്റെ എഡിറ്ററായിരുന്നു. അദ്ദേഹം എഴുതിയ നോവലുകൾ സമാഹരിച്ചിട്ടുണ്ട്. ഹാസ സാഹിത്യകാരൻകൂടിയായി അദ്ദേഹം ഉർദു സാഹിത്യത്തിൽ അറിയപ്പെടുന്നു.

'നസീം ലക്നവി മഹാനായ മനുഷ്യനും പ്രബോധകനും സാഹിത്യകാരനുമായിരുന്നു. അദ്ദേഹത്തിന്റെ തത്ത്വചിന്തയും കലാവീക്ഷണങ്ങളും ഉർദു കവികളെയും നോവലിസ്റ്റുകളെയും മാത്രമല്ല, നിരീശ്വരവാദികളെയും കമ്യൂണിസ്റ്റ് അനുഭാവികളെയും വരെ സ്വാധീനിച്ചിട്ടുണ്ട്.' അദ്ദേഹത്തിന്റെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്താൻ ദൽഹിയിലെ ജമാഅത്ത് ആസ്ഥാനത്ത് ചേർന്ന യോഗം അഭിപ്രായപ്പെട്ടു.

1981-ൽ അമേരിക്കയിലെത്തിയ നസീം ഹൂസ്റ്റണിൽ സ്ഥിരതാമസമാക്കുകയായിരുന്നു. 'ഇസ്ന' (Islamic Circle of North America) യുടെ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിച്ചു. ഒരു പതിറ്റാണ്ടിലധികം ഇസ്നയുടെ തർബിയത്ത് വിഭാഗം അധ്യക്ഷനായും കൂടിയാലോചനാ സമിതി അംഗമായും പ്രവർത്തിച്ചു. ഇസ്‌ലാമിക പ്രബോധനം ലക്ഷ്യം വെച്ച് എഴുപതോളം രാജ്യങ്ങളിൽ പര്യടനം നടത്തിയിട്ടുണ്ട്. ഒരു വർഷം മുമ്പ് ആരോഗ്യം ക്ഷയിച്ച് കിടപ്പിലാവുന്നതുവരെ ഈ പ്രബോധന യാത്രകൾ തുടർന്നു. ഒരു മകനും മൂന്ന് പെൺമക്കളുമുണ്ട്. ■